അഭിമുഖം

# കേരളത്തിൽ ഭരണം മാറും: അപു ജോൺ ജോസഫ്

**ജോസ് കണിയാലി**

ചിക്കാഗോ: കേരളത്തിൽ ഭരണമാറ്റം ഉണ്ടാകുമെന്ന് കേരളാ കോൺഗ്രസ് സംസ്ഥാന കോ-ഓർഡിനേറ്ററും മുൻമന്ത്രി പി. ജെ. ജോസഫിന്റെ മകനുമായ അപു ജോൺ ജോസഫ് പ്രസ്താവിച്ചു. ഒന്നാം പിണറായി സർക്കാരിന്റെ കാലഘട്ടത്തിൽ യു.ഡി.എഫ്. നിരവധി പ്രശ്നങ്ങൾ ഉയർത്തുകയും സമരം ചെയ്യുകയും ചെയ്തു. അത് ഫലം കണ്ടില്ല. അവസാനത്തെ ആറു മാസക്കാലം എൽഡിഎഫ് സർക്കാർ നല്കിയത് വാഗ്ദാനങ്ങളുടെ പെരുമഴയായിരുന്നു. ഒടുവിൽ എല്ലാവർക്കും സമ്മാനമായി കിറ്റും കൊടുത്തു. അതോടെ പിണറായി സർക്കാരിന് രണ്ടാമതും ഭരണം കിട്ടി. അന്ന് നല്കിയ വാഗ്ദാനങ്ങൾ പാലിക്കപ്പെട്ടോ എന്ന് വിലയിരുത്തുന്നത് നന്നായിരിക്കും. എല്ലാക്കാലത്തും ജനങ്ങളെ പറ്റിക്കാൻ സാധിക്കുമോ? അക്കാലത്ത് യുഡിഎഫ് നടത്തിയ സമരങ്ങളും ഉയർത്തിയ പ്രശ്നങ്ങളും സാധാരണജനങ്ങളിൽ സ്വാധീനം ചെലുത്തിയില്ല. അവരുടെ ജീവിത പ്രശ്നങ്ങൾക്ക് ആര് പരിഹാരം കാണുന്നുവെന്നതായിരുന്നു അന്നത്തെ ചിന്താഗതി. അടുത്ത ഇലക്ഷന് ഇനി അധികം നാളില്ല. അതിനാൽ ജനത്തെ കബളിപ്പിക്കുവാൻ ധാരാളം മാജിക്കുകൾ പ്രതീക്ഷിക്കാം. ഇന്ന് സാധാരണജനങ്ങളെ ബാധിക്കുന്ന കറണ്ട് ചാർജ്, വെള്ളക്കരം, ഭൂനികുതി ഇതിനെല്ലാം അതിഭയങ്കരമായ ചാർജ് വർദ്ധനയാണ് ഉണ്ടായിരിക്കുന്നത്. യുഡിഎഫ് പ്രവർത്തകർ വീടുകൾ കയറിയുള്ള ജനസമ്പർക്ക പരിപാടികളും ബോധവത്കരണവുമാണ് നടത്തേണ്ടത്.



അപു ജോൺ ജോസഫും ജോസ് കണിയാലിയും

**ചോദ്യം: അമേരിക്കൻ സന്ദർശനത്തിന്റെ ഉദ്ദേശ്യമെന്താണ്?**

**ഉത്തരം:** രണ്ട് പ്രാവശ്യം അമേരിക്കയിൽ വന്നിട്ടുണ്ടെങ്കിലും കേരള രാഷ്ട്രീയത്തിൽ സജീവമായതിനു ശേഷം ആദ്യമായിട്ടാണ് അമേരിക്കയിൽ വരുന്നത്. രണ്ടാഴ്ചത്തെ ഹ്രസ്വസന്ദർശനത്തിനിടയിൽ നിരവധി മലയാളി സുഹൃത്തുക്കളെ കാണുവാനും ആശയവിനിമയം നടത്തുവാനും സാധിച്ചത് വലിയ ഒരു നേട്ടമാണെന്ന് കേരളാ എക്സ്പ്രസ് എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലിയുമായി നടത്തിയ അഭിമുഖത്തിൽ അപു ജോൺ ജോസഫ് പറഞ്ഞു. പ്രവാസി കേരളാ കോൺഗ്രസിന്റെ വിപുലീകരണ സാദ്ധ്യതകളെപ്പറ്റിയും പഠിക്കുന്നുണ്ട്. പ്രവാസി കേരളാ കോൺഗ്രസ് കോ-ഓർഡിനേറ്റർ സണ്ണി വള്ളിക്കളവും സന്നിഹിതനായിരുന്നു.



ജോസ് കണിയാലി, അപു ജോൺ ജോസഫ്, സണ്ണി വള്ളിക്കളം

**ചോദ്യം: തൊടുപുഴയിൽ അടുത്ത തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയാകുമോ?**

**ഉത്തരം:** അക്കാര്യം പാർട്ടിയാണ് തീരുമാനിക്കേണ്ടത്. ഇപ്പോൾ പാർട്ടി പ്രവർത്തനങ്ങളിലാണ് ശ്രദ്ധിക്കുന്നത്. പാർട്ടി ഏല്പിക്കുന്ന ഉത്തരവാദിത്തങ്ങൾ നിർവഹിക്കാറുണ്ട്. വാർഡ് അടിസ്ഥാനത്തിലുള്ള കുടുംബയോഗങ്ങളിലാണ് ഇപ്പോൾ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. ത്രിതല പഞ്ചായത്ത് ഇലക്ഷൻ ആസന്നമാണല്ലോ.

**ചോദ്യം: കോൺഗ്രസ് പാർട്ടിയിലെ മുഖ്യമന്ത്രിത്തർക്കം യുഡിഎഫിന്റെ വിജയസാദ്ധ്യതയെ ബാധിക്കുമോ?**

**ഉത്തരം:** കോൺഗ്രസ് ഏറ്റവും വലിയ ജനാധിപത്യ പാർട്ടിയാണ്. അവിടെ നാലഞ്ചുപേർ മുഖ്യമന്ത്രിയാകാൻ യോഗ്യതയുള്ളവരാണ്. അതിനെ പോസിറ്റീവ് ആയി കണ്ടാൽ അത് ഒരു തെറ്റല്ല. എന്നാൽ, ബിജെപിയിലോ സിപിഎമ്മിലോ ഒരാളുടെ പേരൊഴിച്ച് വേറെ ആരുടെയെങ്കിലും പേരു പറയുവാൻ സാധിക്കുമോ? അതാണ് ജനാധിപത്യ പാർട്ടിയുമായുള്ള വ്യത്യാസം. ഇപ്പോൾ എൽഡിഎഫിലെ ഘടകകക്ഷികളും പരസ്യമായി അഭിപ്രായ വ്യത്യാസങ്ങൾ പറയുവാൻ തുടങ്ങിയിട്ടുണ്ട്.

**ചോദ്യം: ചില രാഷ്ട്രീയ നേതാക്കന്മാരെ ഫോണിൽ വിളിക്കുമ്പോൾ കിട്ടാറില്ലായെന്ന് പലരും പരാതി പറയാറുണ്ട്. ഇക്കാര്യത്തിൽ നിലപാടെന്താണ്?**

**ഉത്തരം:** ഞാൻ തിരക്കിലാണെങ്കിൽ ഫോൺ എടുക്കാറില്ല. പക്ഷേ, മിസ്ഡ് കോൾ നോക്കി തിരിച്ചു വിളിക്കാറുണ്ട്. കാരണം എന്തെങ്കിലും സഹായത്തിനോ, പ്രശ്നപരിഹാരത്തിനോ വേണ്ടിയായിരിക്കും ജനങ്ങൾ ബന്ധപ്പെടുവാൻ ശ്രമിക്കുന്നത്. അതിനെ നേതാക്കന്മാർ എല്ലാവരും പോസിറ്റീവ് ആയി കാണണം എന്നാണ് എന്റെ അഭിപ്രായം.

**ചോദ്യം: യുവജനങ്ങൾ മെച്ചപ്പെട്ട ജീവിതമാർഗ്ഗം തേടി വിദേശത്തേക്ക് കുടിയേറുന്നതിനെപ്പറ്റി എന്താണ് പ്രതികരണം?**

**ഉത്തരം:** പല നിയോജകമണ്ഡലങ്ങളിലും വീടുകൾ ശൂന്യമാണ്. വിദേശത്തേക്കുള്ള കുടിയേറ്റം ജനാധിപത്യ പാർട്ടികളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കൂടുതൽ ജീവിതസൗകര്യങ്ങൾ തേടുവാൻ ഓരോരുത്തർക്കും പൂർണ്ണമായ സ്വാതന്ത്ര്യമുണ്ട്. യുവജനങ്ങളെ ഇവിടെ നിലനിർത്തുവാൻ ജീവിതസൗകര്യങ്ങളും പദ്ധതികളും കൊണ്ടുവരേണ്ടത് സർക്കാരിന്റെ ചുമതലയാണ്. യുഡിഎഫ് സർക്കാർ അധികാരത്തിൽ വന്നാൽ മാറ്റങ്ങൾ ഉണ്ടാകും. പി.ജെ. ജോസഫ് വിദ്യാഭ്യാസ മന്ത്രിയായിരുന്നപ്പോൾ പ്ലസ്ടു, സ്വാശ്രയ സംവിധാനങ്ങൾ വിദ്യാഭ്യാസ രംഗത്ത് കൊണ്ടുവന്നത് വലിയ മാറ്റങ്ങൾക്ക് ഇടയാക്കി. അന്നത്തെ സർക്കാരിൽ വളരെയധികം സമ്മർദ്ദം ചെലുത്തിയാണ് അതു നടപ്പിലാക്കിയത്.

**ചോദ്യം: കാർഷിക മേഖലയെ എങ്ങനെ ഗുണകരമായി പ്രയോജനപ്പെടുത്താം?**

**ഉത്തരം:** മാധ്യമങ്ങൾക്ക് ഇക്കാര്യത്തിൽ വളരെയധികം ചെയ്യുവാൻ സാധിക്കും. കാർഷിക രംഗത്ത് വിജയക്കൊടി പാറിച്ച നിരവധി ചെറുപ്പക്കാരുണ്ട്. അതിനെ പോസിറ്റീവായി അവതരിപ്പിക്കുവാൻ പലപ്പോഴും കഴിയാറില്ല. കൃഷിക്കാരനെ ഒരു സംരംഭകനാക്കി മാറ്റണം. ഒന്നിലധികം ആൾക്കാർ ഒരുമിച്ചു ചേർന്ന് ചെറിയചെറിയ കുടിൽ വ്യവസായങ്ങൾ ആരംഭിക്കണം. വിവിധ തരത്തിലുള്ള ഉല്പന്നങ്ങളെ വ്യത്യസ്ത രീതികളിൽ പ്രയോജനപ്പെടുത്തുവാൻ സാധിക്കും. ഒരു കർഷകമനസ്സിന്റെ ഉടമയായ തനിക്ക് കാർഷിക മേഖലയുടെ വികസനം എപ്പോഴും ഒരു ആവേശമാണ്.

**ചോദ്യം: വിദ്യാഭ്യാസ രംഗത്ത് എന്ത് മാറ്റങ്ങളാണ് ഉണ്ടാകേണ്ടത്?**

**ഉത്തരം:** പ്രീ-പ്രൈമറി വിദ്യാഭ്യാസ രംഗത്ത് വളരെക്കുറിച്ച് പണമാണ് നമ്മൾ മുടക്കുന്നത്. എന്നാൽ, വിദേശത്തെ സ്കൂളുകളിൽ ചെറുപ്രായത്തിൽ തന്നെ പൗരബോധം വളർത്തുന്ന കാര്യങ്ങൾ കുട്ടികളെ പഠിപ്പിക്കാറുണ്ട്. ജീവിതത്തിൽ ചെയ്യേണ്ട അടിസ്ഥാനപരമായ കാര്യങ്ങൾ അവരെ പഠിപ്പിക്കും. പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ എന്തു ചെയ്യണമെന്ന് അവർക്കറിയാം. നമ്മുടെ വിദ്യാഭ്യാസ രംഗത്തും മാറ്റങ്ങൾ ഉണ്ടാകണം.

**ചോദ്യം: വിദേശമലയാളികളോടുള്ള സന്ദേശം എന്താണ്?**

**ഉത്തരം:** മക്കളൊക്കെ പ്രായമായി സ്വന്തം കാലിൽ നിൽക്കാറാകുമ്പോൾ നിങ്ങൾ നാട്ടിലേക്ക് മടങ്ങിവരണം എന്നാണ് എന്റെ അഭിപ്രായം. യുഡിഎഫ് സർക്കാർ അധികാരത്തിൽ വരുമ്പോൾ വളരെയധികം മാറ്റങ്ങൾ ഉണ്ടാകും. നിങ്ങളോടൊപ്പം ഞങ്ങളും ഉണ്ടായിരിക്കും.